# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2471** 07.02.2019-**ൽ മറുപടിക്ക്**

### ഇടുക്കി ഹൈഡൽ ടൂറിസം പദ്ധതി

| | ചോദ്യം<br>ശ്രീ. അൻവർ സാദത്ത് | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഇടുക്കി ആർച്ച് ഡാമിലെ ടൂറിസം സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി ഹൈഡൽ ടൂറിസം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഇടുക്കി ആർച്ച് ഡാമിലെ ടൂറിസം സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി ഹൈഡൽ ടൂറിസം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | അക്വേറിയം, ലേസർ ഷോ എന്നിവ ഇതിന്റെ ഭാഗമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | അക്വേറിയം, ലേസർ ഷോ എന്നിവ ഇതിന്റെ ഭാഗമാക്കാൻ ഉദ്ദേശിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ എത്ര കുടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; അവരെ പുനരധിവസിപ്പിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (സി) | ഈ പദ്ധതി നടപ്പിലാക്കുമ്പോൾ 92 കുടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ടതായി വരും. പ്രസ്തുത കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് പകരം ഭൂമി കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതിക്കായി കിഫ്ബിയിൽ നിന്നും ധനസഹായം ലഭ്യമാക്കിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ? | (ഡി) | കിഫ്ബിയിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. |

Hemalatha

സെക്ഷൻ ഓഫീസർ